ശ്രീ. ടി. വി. തോമസ് : അതിൽ ഗവണ്മെൻറിനു കാര്യമില്ല. ആർ. ടി. ഏ. യാണ് ചെയ്യേണ്ടതു്.

ശ്രീ. കെ. കൊച്ചുകുട്ടൻ : ഗവണ്മെൻറിൻെറ ഒരു ഭാഗമെന്നനിലയിലല്ലേ ആർ. ടി. ഏ. പ്രവർത്തിക്കുന്നതു് ?

ശ്രീ. ടി. വി. തോമസ് : അല്ല.

മലബാറിലെ സഹകാര്യ വനങ്ങൾ.

* 1385. [8] ശ്രീ. എം. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലബാറിലെ സഹകാര്യവനങ്ങൾ ഏതെങ്കിലും വിലയ്ക്കു വാങ്ങുവാൻ ഗവണ്മെൻറു് ഇതിനകം തീരുമാനിച്ചിട്ടുണ്ടോ ;

(ബി) സഹകാര്യ വനങ്ങൾ നശിച്ചുപോകുന്നതിനെ തടയാൻ അവയുടെ മാനേജ്മെൻറു് ഗവണ്മെൻറു് ഏറെറടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) സഹകാര്യവനങ്ങൾ ദേശസൽക്കരിക്കാൻ ഗവണ്മെൻറു് നിയമം കൊണ്ടുവരുമോ ?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോർജ്ജു്) :

(എ) ഉണ്ടു്.

(ബി) ഉണ്ടു്.

(സി) ഇതു ഗവണ്മെൻറിൻെറ പരിഗണനയിൽ ഇരിക്കുകയാണു്.

ശ്രീ. എം. നാരായണക്കുറുപ്പ് : ഏതെല്ലാമാണു് ഏറെറടുക്കാൻ തീരുമാനിച്ചതു് ; ഏതെങ്കിലും വനം ഒരു ക്ലിപ്തസമയത്തിനുള്ളിൽ ഏറെറടുക്കുമെന്നു ഗവണ്മെൻറിനു് പറയാൻ കഴിയുമോ ?

ശ്രീ. കെ സി. ജോർജ്ജു് : ക്ലിപ്തസമയത്തിനകം ഏറെറടുക്കുമെന്നു പറയാൻ പ്രയാസമാണു്. ഏറ്റെടുക്കാൻ തീരുമാനിച്ചു. ബഹുമാനപ്പെട്ട മെമ്പർ ആ കമ്മിറ്റിയിലെ മെമ്പറായതുകൊണ്ടു് ഏതെല്ലാമാണു് ശുപാർശചെയ്തിട്ടുള്ളതെന്നു് അറിയാൻ കഴിയും.

ശ്രീ. എം. നാരായണക്കുറുപ്പ് : ആ കമ്മിറ്റിവരുന്നതിനുമുമ്പാണു് ശുപാർശചെയ്തതു്. ആ കമ്മിറ്റിയുടെ കാലാവധി അവസാനിക്കുകയും ചെയ്തു. അതുകൊണ്ടാണു് ഞാൻ ചോദിച്ചതു്, ഏതിൻെറ മാനേജ്മെൻറു് ഏറെറടുക്കാനാണു് ഉദ്ദേശിക്കുന്നതെന്നു്.

ശ്രീ. കെ. സി. ജോർജ്ജു് : അങ്ങനെ ഏറെറടുക്കുന്നതിനു് ആവശ്യമായ നിയമം ഇന്നു നിലവിലുണ്ടു്. അതനുസരിച്ചു് എടുക്കാം.

ശ്രീ. എം. നാരായണക്കുറുപ്പ് : അങ്ങനെ ഏതെങ്കിലും ഏറെറടുക്കണമെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജു് : ആവശ്യമായ പരിതഃസ്ഥിതികൾ ഉണ്ടാകുമ്പോൾ എടുക്കാനാണു് ഗവണ്മെൻറുദ്ദേശിക്കുന്നതു്.

ശ്രീ. ടി. ഏ. തൊമ്മൻ : കമ്മിറ്റി ഏറെറടുക്കാൻ ശുപാർശ ചെയ്തതു് എന്നാണു് ?

ശ്രീ. കെ. സി ജോർജ്ജു് : അതിനൊരു പ്രത്യേക ചോദ്യം അയച്ചാൽ മറുപടി പറയാം.

ശ്രീ. കെ. കെ. വിശ്വനാഥൻ : സഹകാര്യ വനങ്ങൾ ദേശസാൽക്കരിക്കാൻ ഗവണ്മെൻറു് നിയമം കൊണ്ടുവരുമെങ്കിൽ പിന്നെ മാനേജ്മെൻറു് ഏറെറടുക്കേണ്ട ആവശ്യമെന്താണെന്നു് ഗവണ്മെൻറു് ആലോചിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. സി. ജോർജ്ജ് : മാനേജ്മെൻറ് ഏറെറടുക്കാനുള്ള നിയമം നേരത്തേ പാസ്സാക്കിയതാണ്.

ശ്രീ. കെ. കെ. വിശ്വനാഥൻ : ഇനി ഭേദഗതി കൊണ്ടുവരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ മാനേജ്മെൻറ് ഏറെറടുക്കേണ്ട ആവശ്യമുണ്ടോ ?

ശ്രീ. കെ. സി. ജോർജ്ജ് : മാനേജ്മെൻറ് ഏറെറടുക്കേണ്ട ആവശ്യവും വന്നേയ്ക്കും. ഭേദഗതി കൊണ്ടുവരിക്കുക എന്നു പറഞ്ഞാൽ എല്ലാം ഭേദഗതി കൊണ്ടുവരിക്കണമെന്നു വരുന്നില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഇപ്പോൾ മാനേജ്മെൻറ് ഏറെറടുക്കാൻ തീരെ അപ്രായോഗികമാണെന്നു ഗവണ്മെൻറിനു ബോദ്ധ്യമായിട്ടില്ലേ?

ശ്രീ. കെ. സി. ജോർജ്ജ് : അങ്ങനെ ബോദ്ധ്യമായിട്ടില്ല.

ശ്രീ. എം. നാരായണക്കുറുപ്പ് : ഭേദഗതി കൊണ്ടുവരാതെ സഹകാര്യവകുപ്പിനെ സംരക്ഷിക്കാൻ സാദ്ധ്യമല്ലെന്നുള്ളതിനോടു ഗവണ്മെൻറ് യോജിക്കുന്നുണ്ടോ ?

ശ്രീ. കെ. സി ജോർജ്ജ് : ഗവണ്മെൻറിനു ഇപ്പോൾ അങ്ങനെയുള്ള അഭിപ്രായമില്ല.

ശ്രീ. ആർ. സുശീലൻ : ഒരേക്കർ വനം എത്ര വിലയ്ക്കാണ് എടുക്കാൻ തീരുമാനിച്ചിട്ടുള്ളത് ?

ശ്രീ. കെ. സി. ജോർജ്ജ് : അതു ഓരോ വനത്തിനേയും സ്ഥിതിയനുസരിച്ചിരിക്കും.

"റിട്ട് ഹർജികൾ"

* 1396. [9] ശ്രീ. എം. സി. ഏബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1957-58-59 ഈ വർഷങ്ങളിൽ ഗവണ്മെൻറിനെതിരായി ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ എത്ര "റിട്ട് ഹർജികൾ" ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട് ;

(ബി) അവയിൽ എത്ര എണ്ണം തീരുമാനിക്കപ്പെട്ടു ;

(സി) എത്ര എണ്ണം അനുകൂലമായും എത്ര എണ്ണം പ്രതികൂലമായിട്ടുമാണ് തീരുമാനിക്കപ്പെട്ടത് ?

ധനകാര്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ) :

(എ)	1957-ൽ	380.
	1958-ൽ	679.
	1959-ൽ	563.
(ബി)	1957-ൽ	311.
	1958-ൽ	412.
	1959-ൽ	81.

		അനുകൂലം	പ്രതികൂലം
(സി)	1957-ൽ	57.	254.
	1958-ൽ	131.	281.
	1959-ൽ	9.	72.

ശ്രീ. സി. എ. മാത്യു : ഇങ്ങനെ റിട്ട് ഹർജികൾ കൂടുതലായി ഉണ്ടാകാനുള്ള കാരണം എന്താണെന്നു പരിശോധിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly